മി. സ്പീക്കർ : അതുവരെ കാത്തുനിന്നാൽ ഈ കുട്ടിയുടെ ചാൻസ് പോകും. മാനസികമായി അവർ വളരെ തളർന്നിരിക്കുകയാണ്.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : മാനുവൽ മാറ്റിയിട്ടേ അത് പരിഗണിക്കാൻ പറ്റുകയുള്ളൂ.

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, ഈ കുട്ടികളുടെ കാര്യം മന്ത്രിക്കുതന്നെ തീരുമാനിച്ചുകൂടേ ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : മന്ത്രി എങ്ങനെയാണ് ഒരു മാനുവലിന് വിരുദ്ധമായി ചെയ്യുന്നത് ? മാനുവലിൽ ചില മാറ്റങ്ങൾ വരുത്തേണ്ടതുണ്ട്. ആ മാറ്റം വരുത്തുന്നതിനെക്കുറിച്ച് ആലോചിക്കാം.

മി. സ്പീക്കർ : ആനുകൂല്യം കൊടുക്കുന്ന കാര്യം പ്രത്യേക കേസ് ആയി പരിശോധിക്കണം.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : അത് പരിശോധിക്കാം.

(9) മഹാകവി ജി. ശങ്കരക്കുറുപ്പിന് കൊച്ചി നഗരത്തിൽ സ്മാരകം

പ്രൊഫ. കെ. വി. തോമസ് : സർ, കഴിഞ്ഞ 10 വർഷമായി എറണാകുളത്ത് മഹാകവി ജി. ശങ്കരക്കുറുപ്പിന്റെ നാമധേയത്തിൽ ഒരു സ്മാരകം പണിയുന്നതിന് കൊച്ചിൻ കോർപ്പറേഷനും കൊച്ചിയിലെ ജനപ്രതിനിധികളും സംയുക്തമായി ഗവൺമെന്റിനെ സമീപിച്ചിരുന്നു. ഇതിനാവശ്യമായ ഫണ്ട് ഞങ്ങളുടെ കൈയിലുണ്ട്. പക്ഷേ സ്ഥലം വിട്ടു തന്നിട്ടില്ല. 1995-ൽ ശ്രീ. കെ. കരുണാകരൻ മുഖ്യമന്ത്രിയായിരുന്ന കാലഘട്ടം മുതൽ ശ്രീ. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായ കാലഘട്ടം വരെ ഞങ്ങൾ നിരന്തരമായി ആവശ്യപ്പെടുന്ന ഒരു കാര്യമാണ്. അതുകൊണ്ട് ഇക്കാര്യത്തിൽ സമയബന്ധിതമായി ഒരു positive decision എടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ജി. ശങ്കരക്കുറുപ്പ് പ്രശസ്തനും നമ്മുടെ എല്ലാവരുടേയും അഭിമാനവുമായ ഒരു സാഹിത്യകാരനായിരുന്നു. അദ്ദേഹത്തിനുവേണ്ടി ഒരു സ്മാരകം നിർമ്മിക്കുക എന്നുള്ളത് വളരെ അഭികാമ്യമാണ്. ഒരു വാക്ക് ഗവൺമെന്റിനുവേണ്ടി പറയുകയാണ്. സ്മാരകത്തിന് ആവശ്യമായ മിനിമം സ്ഥലം സാധാരണഗതിയിൽ market value-നാണ് പതിച്ചുനൽകുന്നത്. പക്ഷേ ജി. ശങ്കരക്കുറുപ്പിന്റെ നാമധേയത്തിലായതുകൊണ്ട് ആവശ്യമായ മിനിമം സ്ഥലം സൗജന്യമായി പതിച്ചുനൽകുവാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുന്നതാണ്.

(10) വിളക്കോട്ടൂർ കായലോട്ടുതാഴെ പാലത്തിന്റെ പണി

ശ്രീ. കെ. പി. മോഹനൻ : സർ, പെരിങ്ങളം നിയോജകമണ്ഡലത്തിൽ കണ്ണൂർ ജില്ലയേയും കോഴിക്കോട് ജില്ലയേയും ബന്ധിപ്പിക്കുന്ന ഏറ്റവും വലിയൊരു വഴിയാണ് കായലോട്ടുതാഴെ. അവിടെ ഒരു പാലം പണിയണമെന്ന് ഞാനും നാദാപുരം എം.എൽ.എ. ശ്രീ. ബിനോയ് വിശ്വവും കൂടി നിരവധി തവണ

LIBRARY ARCHIVES Kerala Legislative Assembly

ആവശ്യപ്പെട്ടിട്ട് ഈ അടുത്ത കാലത്താണ് പി.ഡബ്ലിയു.ഡി. അത് ഏറ്റെടുത്തത്. എന്നിട്ട് പണി തുടങ്ങിയിട്ടില്ല. അതിന്റെ പ്രവർത്തി എന്നു തുടങ്ങുമെന്നറിയാൻ ഞങ്ങൾ ആഗ്രഹിക്കുകയാണ്. എത്രയും പെട്ടെന്ന് അതിന്റെ പണി തുടങ്ങാൻ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മർമത്തു വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ) : സർ, കണ്ണൂർ ജില്ലയിലെ കായലോട്ടുതാഴെ പാലം പണിക്ക് നബാർഡിന്റെ RIDF-10 സ്കീമിൽ ഉൾപ്പെടുത്തി ലോൺ അനുവദിച്ചുകഴിഞ്ഞു. ഇതിന് 116 ലക്ഷം രൂപയുടെ സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. ടെണ്ടർ ക്ഷണിച്ചുകഴിഞ്ഞു. നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് പണി ഉടനെ ആരംഭിക്കാൻ സാധിക്കും. ഏപ്രിൽ ആദ്യവാരത്തിൽ തറക്കല്ലിടാൻ സാധിക്കുമെന്നാണ് വിശ്വസിക്കുന്നത്. നടപടി ക്രമങ്ങളൊക്കെ പൂർത്തിയാക്കാതെ ഒരു പാലത്തിന്റേയും പണി ആരംഭിക്കാൻ കഴിയില്ല എന്നുള്ള കാര്യം മാന്യ മെമ്പറെ അറിയിക്കുകയാണ്.

(11) പലകപ്പാണ്ടി ജലസേചന പദ്ധതി നടപ്പിലാക്കണമെന്ന ആവശ്യം

ശ്രീ. കെ. എ. ചന്ദ്രൻ: സർ, കൊല്ലങ്കോട് നിയോജക മണ്ഡലത്തിലെ പലകപ്പാണ്ടി ജലസേചന പദ്ധതി എത്രയും പെട്ടെന്ന് നടപ്പിലാക്കണമെന്ന ആവശ്യമാണ് ഞാൻ ഉന്നയിക്കുന്നത്. പലകപ്പാണ്ടി പദ്ധതി ഒരു വരൾച്ചാ നിവാരണ പദ്ധതിയാണ്. നിലവിലുള്ള ചുള്ളിയാർ ഡാം main dam ആയപ്പോൾ അത് പ്രയോജനപ്പെടുത്താൻ വേണ്ടിയുള്ള പദ്ധതിയാണിത്. ഈ വരൾച്ചയുടെ ദുരിതം മുൻമുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണി പരിശോധിച്ച് ബോധ്യപ്പെട്ടതും ഇന്നത്തെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി ഇതിന്റെ ഗൗരവം മനസ്സിലാക്കി പണികൾ ആരംഭിക്കാൻ നിയോഗിച്ചതുമാണ്. വനം വകുപ്പിൽനിന്നും 3.17 ഹെക്ടർ ഭൂമി ജലസേചന വകുപ്പിന് ഈ പണിക്കായി മാറ്റിക്കൊടുക്കേണ്ടതുണ്ട്. ജലസേചന വകുപ്പുമന്ത്രിയായ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനാണ് ഇന്ന് വനം വകുപ്പിന്റെ ചാർജ്. അദ്ദേഹമാണ് ഇത് നിർവ്വഹിക്കേണ്ടത്. രണ്ടാമത് 8 ഹെക്ടർ സ്ഥലം സ്വകാര്യ വ്യക്തികളിൽ നിന്നും പൊന്നുംവിലയ്ക്കെടുക്കണം. അതിന് അടിയന്തിര നടപടി സ്വീകരിക്കാനുള്ള ഉത്തരവുണ്ടായിട്ടുണ്ടെങ്കിലും ആ ഭൂമിയുടെ വില പ്രമാണങ്ങളനുസരിച്ച് വളരെ കുറവാണ്. Market rate കിട്ടാനുള്ള negotiation നടത്തി ഈ ഭൂമി പതിച്ചെടുക്കാനുള്ള ഏർപ്പാടുകൾ കൂടിയുണ്ടെങ്കിൽ മാത്രമേ ഈ പണി ആരംഭിക്കാൻ കഴിയൂ. ഇതിനുവേണ്ടുന്ന നടപടിയും പ്രവർത്തിയുമുണ്ടാകണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, പാലക്കാട് ജില്ലയിലെ ചിറ്റൂർ താലൂക്കിൽ വരൾച്ചമൂലം കൃഷിനാശം അനുഭവപ്പെടുന്നുണ്ട്. ഈ പ്രശ്നം പരിഹരിക്കുന്നതിനായി പലകപ്പാണ്ടിയിലെ ജലം ചുള്ളിയാർ ഡാമിലേക്ക് തിരിച്ചുവിട്ട് ചുള്ളിയാർ റിസർവോയർ പൂർണ്ണമായും നിറച്ച് ജലം വിതരണം ചെയ്യുന്നതിന് 910 ലക്ഷം രൂപ

LIBRARY ARCHIVES Kerala Legislative Assembly